കമ്പനിക്കാർ അനുവദിച്ചുകൊടുത്ത ക്ഷാമബത്ത അവർ സ്വീകരിക്കുയും ചെയ്തു.

ടാറ്റാ എണ്ണക്കമ്പനി തൊഴിലാളി യൂണിയനെ (The Tata Oil Mills Workers' Union, Ernakulam) കമ്പനിക്കാർ അംഗീകരിക്കുവാൻ ആവശ്യപ്പെട്ടുകൊണ്ടും ജോലിക്കാക്കു തൊഴിൽ സംബന്ധിച്ചു ചില സൌകര്യങ്ങളും ചെയ്തുകൊടുക്കുന്നതിനും വേണ്ടി കമ്പനിക്കാക്കു എഴുതുകയും അവർ ആവശ്യങ്ങളിൽ ഏതാനും കൊടുക്കുവാൻ സമ്മതിക്കുകയും യൂണിയന്റെ ഉപനിയമങ്ങളിൽ ചില ഭേദഗതികളും വരുത്തിയാൽ അംഗീകരണസംഗതി ആലോചിക്കാമെന്നും പറഞ്ഞിട്ടുണ്ടു്.

ചാലക്കുടി പോട്ടറി തൊഴിലാളികളുടെ ആവശ്യങ്ങളെപ്പറ്റി ലേബർ കമ്മീഷണർ നേരിട്ടു ഇടപെട്ടു കൂലിക്കാർക്കും കമ്പനിക്കാക്കും സമ്മതമാകത്തക്ക ഒരു തീർപ്പുണ്ടാക്കുകയും ചെയ്തകഴിഞ്ഞിട്ടുണ്ടു്.

അഴീക്കൽ എൻ. ഇ. ഓയിൽ മിൽസു് എന്ന കമ്പനിയിൽ തൊഴിലാളികളെ സംബന്ധിച്ചു കായ്ത്തിൽ അടിയന്തിരമായി ചെയ്യേണ്ടതായി ഒന്നുമില്ലെന്നു അന്വേഷിച്ചതിൽ അറിഞ്ഞിരിക്കുന്നു.

IRRIGATION STAFF—POSSIBILITY OF RETRENCHMENT IN

322. മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവമ്മെണ്ടു ദയവു മറുപടി പറയുമോ.—

(എ) ചിറ്റൂർ താലൂക്കിൽ ഇറിഗേഷൻ സംബന്ധിച്ചു് ഇപ്പോൾ നിലവിലുള്ള സ്റ്റാഫു് ആവശ്യമുണ്ടോ;

(ബി) പ്രത്യേകിച്ചു ഇറിഗേഷൻ ഡിവിഷൻ ഏർപ്പെടുത്തുവാനായി ജോലികൾ ഉണ്ടോ;

(സി) ഇല്ലെങ്കിൽ റിട്രെഞ്ചുമെൻറു് (retrenchment) ചെയ്യുമോ ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ:

(എ) ഉണ്ടു്.

(ബി) ഇറിഗേഷൻ ഡിവിഷൻ ചിറ്റൂർ താലൂക്കിലെ ആവശ്യത്തിനു മാത്രമുള്ളതല്ല. സ്റ്റോററിൽ എല്ലാ താലൂക്കുകളിലേയും ഇറിഗേഷൻ കായ്ങ്ങളും അവരാണു് നോക്കിവരുന്നതു്.

(സി) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എൻ. വി. സുബ്ബരായൻ ചെട്ടിയാർ: ഓരോ താലൂക്കുകളിലേയും ഇറിഗേഷൻ വക്കു് ആ താലൂക്കുകളിലെ ഡിവിഷൻ എഞ്ചിനീയർമാരെ ഏല്പിച്ചുകൊടുക്കുന്നപക്ഷം ഇതു നിവർത്തിയുമോ?

മിസ്റ്റർ വി. കെ. അരവിന്ദാക്ഷമേനോൻ: അങ്ങിനെയായിരുന്നു പണ്ടുണ്ടായിരുന്നതു്. അവക്കു പുതിയ സ്കീമുകൾ ഇൻസ്പെക്ടു് ചെയ്യാനുള്ള സമയം കിട്ടാത്തതുകൊണ്ടാണു് വേറെ ഡിവിഷനുണ്ടാക്കിയതു്.

LIBRARY ARCHIVES Kerala Legislative Assembly